പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 245 — 11.10.2011-ൽ മറുപടിക്ക്

## വസ്തുനികുതി നിർണ്ണയ ബോർഡ് രൂപീകരിക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എളമരം കരീം<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.സി.കൃഷ്ണൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഒരു വസ്തുനികുതി നിർണ്ണയ ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | 08.03.2011-ലെ ജി.ഒ.(എം.എസ്.) നം. 77/11/ത.സ്വ.ഭ.വ. പ്രകാരം പ്രോപ്പർട്ടി ടാക്സ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് 13-ാം ധനകാര്യ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (ബി) | 13-ാം ധനകാര്യ കമ്മിഷന്റെ ശുപാർശ പ്രകാരം കേരളത്തിന് ലഭിക്കുന്ന പെർഫോമൻസ് ഗ്രാന്റ് ലഭ്യമാക്കാനുള്ള 10 നിബന്ധനകളിൽ ഒന്നായിരുന്നു പ്രോപ്പർട്ടി ടാക്സ് ബോർഡിന്റെ രൂപീകരണം. |
| (സി) | പ്രസ്തുത ബോർഡ് രൂപീകരിക്കുന്നതോടെ സംസ്ഥാനത്ത് ഇന്ന് നിലനില്ക്കുന്ന സമ്പ്രദായങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത് ; | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ വസ്തുവകകളുടേയും ശരിയായ അസസ്മെന്റ് നടത്തുക, ശരിയായ നികുതി ഘടന രൂപപ്പെടുത്തുക എന്നിവയിലൂടെ തദ്ദേശസ്വയം ഭരണ വകുപ്പ് സ്ഥാപന ങ്ങളുടെ വരുമാനം വർദ്ധിപ്പിക്കു ന്നതിനോടൊപ്പം വസ്തുനികുതി മൂല്യനിർണ്ണയം ചെയ്യുന്നതിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും, വസ്തു നികുതി യുടെ സത്യസന്ധമായ താരതമ്യത്തിന് പൊതുജന ങ്ങൾക്ക് ലഭ്യമാക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുക തുടങ്ങിയ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്. വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുന്നതിന് പകരമായി 'പ്ലിന്ത് ഏരിയ'യുടെ അടിസ്ഥാനത്തിൽ കെട്ടിട ഉടമയ്ക്ക് സ്വയം നികുതി നിർണ്ണയിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) | ഇത് സംസ്ഥാനത്തിന് വരുമാനവർദ്ധനവിന് കാരണമാകുമോ ? | (ഡി) | വരുമാനവർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.